"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ജി.എൽ.പി. എസ്-ൽ പി.ടി.സി.എം ആയിരിക്കെ അന്തരിച്ച മീനാക്ഷി സി.വി യുടെ ആശ്രിതയായ മകൾ ശ്രീമതി.ലത സി.വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.59/2023/GEDN തീയതി,തിരുവനന്തപുരം, 18-05-2023

---

പരാമർശം:-
1. 24.5.1999-ലെ സ.ഉ.(അ) നം. 12/99/ഉഭപവ.
2. ശ്രീമതി ലത സി.വി യുടെ 24.03.2020 ലെ അപേക്ഷ.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 17.12.2021 തീയതിയിലെ എ(4)/10516/2020/ഡി ജി ഇ നമ്പർ കത്ത്.
4. 07.04.2022 ലെ ഉ.പ.സി2/88/2022/ഉ.ഭ.പ.വ നമ്പർ സർക്കുലർ.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ജി.എൽ.പി.എസ്-ൽ പി.ടി.സി.എം ആയിരിക്കെ അന്തരിച്ച മീനാക്ഷി സി.വി യുടെ ആശ്രിതയായ മകൾ ശ്രീമതി. ലത സി.വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

2. 28.07.2008 ന് മരണമടഞ്ഞ മീനാക്ഷി സി.വി യുടെ ആശ്രിത നിയമനത്തിനായി ആദ്യം അപേക്ഷിച്ചത് മക്കളിൽ ഒരാളായ ലക്ഷ്മിക്കുട്ടി ആയിരുന്നു. എന്നാൽ ലക്ഷ്മിക്കുട്ടിക്ക് ജോലി നൽകുന്നതിനുള്ള സമ്മതപത്രം ഒപ്പിട്ടു നൽകുന്നതിൽ അനന്തരാവകാശികളിൽ ചിലർ വൈമുഖ്യം കാണിച്ചതിനാൽ അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. 07.02.2018 ന് ലക്ഷ്മിക്കുട്ടി അന്തരിച്ചതിനെ തുടർന്നാണ് മറ്റൊരാവകാശിയായ ശ്രീമതി ലത സി.വി അപേക്ഷ സമർപ്പിച്ചതെന്നും സമർപ്പിച്ച അപേക്ഷയിലെ അപാകത പരിഹരിച്ചു പുന:സമർപ്പിക്കുന്നതിനോടനുബന്ധിച്ച് ഉണ്ടായ സാങ്കേതിക തടസ്സങ്ങൾ കാരണമാണ് കാലതാമസം ഉണ്ടായതെന്നും ആയത് മാപ്പാക്കണമെന്നുമാണ് ശ്രീമതി ലത സി.വി ആവശ്യപ്പെട്ടിട്ടുള്ളത്. ശ്രീമതി ലത സി.വി അപേക്ഷ സമർപ്പിക്കുന്നതിൽ 9 വർഷം 7 മാസം 27 ദിവസം കാലതാമസം ഉണ്ടായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ജി.എൽ.പി.എസ് ൽ പി.ടി.സി.എം ആയിരിക്കെ 28.07.2008-ൽ അന്തരിച്ച മീനാക്ഷി സി.വി

യുടെ മകൾ ശ്രീമതി ലത സി.വി പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം (9 വർഷം 7 മാസം 27 ദിവസം) മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ/പാലക്കാട്
Smt.Latha C.V, W/o Balan, Mangalath House, Parakal Paramb, Tharoor P.O, Palakkad - 678 544 (By Regd. Post)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ് (17.5.2023 ലെ ഇനം നം.1522)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Padmakumari B
Date: 19-05-2023 10:36:58
സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

Rh
17/5/23

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-05-2023

ഫയൽ നം. GEDN-R1/87/2022/GEDN. ഇനം നം: 1522

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. ലത. സി. വി. സമർപ്പിച്ച അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

1522

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | GEDN-R1/87/2022-G.EDN |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ് |
| 3 | വിഷയം | : | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി.ലത.സി.വി സമർപ്പിച്ച അപേക്ഷ -സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22.04.2023 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഇല്ല |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ജയശ്രീ.എം |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.എ.പി.എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.05.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.05.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി. |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 16.05.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16.05.2023 |
| 15 | മന്ത്രി സഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ജി.എൽ. പി സ്കൂളിലെ പി.ടി.സി.എം ആയിരിക്കെ അന്തരിച്ച മീനാക്ഷി.സി.വി യുടെ മകൾ ശ്രീമതി.ലത.സി.വി.യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ പി.ടി.സി.എം തസ്തികയിൽ ജോലി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ചതാണ് കുറിപ്പിലെ വിഷയം.

2) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ജി.എൽ. പി സ്കൂളിലെ പി.ടി.സി.എം ആയിരിക്കെ മീനാക്ഷി.സി.വി 28.07.2008-ൽ അന്തരിച്ചു. പരേതയുടെ മകളായ ശ്രീമതി.ലത.സി.വി. ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നത് 24.03.2020 ലാണ്. 10.04.1971 ജനനതീയതിയായുള്ള ശ്രീമതി.ലത.സി.വി. അപേക്ഷ സമർപ്പിക്കുമ്പോൾ 48 വയസ്സ് ഉണ്ടായിരുന്നു. ശ്രീമതി.ലത.സി.വി. ആശ്രിത നിയമനത്തിനായുള്ള അപേക്ഷ സമർപ്പിച്ചതിൽ 9 വർഷം 7 മാസം 27 ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്.

3) മീനാക്ഷി.സി.വി യുടെ മരണാനന്തരം ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നത് ശ്രീമതി.ലത.സി.വി.യുടെ സഹോദരി ശ്രീമതി.ലക്ഷ്മിക്കുട്ടി.സി.വി ആയിരുന്നെന്നും ടിയാരിക്ക് ജോലി നൽകുന്നതിനായുള്ള സമ്മത പത്രം അനന്തരാവകാശികളിൽ ചിലർ ഒപ്പിട്ടു നൽകാൻ വിമുഖത കാണിച്ചതിനാൽ അപേക്ഷ യഥാസമയം സമർപ്പിക്കാൻ കഴിഞ്ഞിരുന്നില്ല എന്നും 07.02.2018-ൽ അപേക്ഷകയായ

ലക്ഷ്മിക്കുട്ടി.സി.വി മരണമടഞ്ഞതിനെ തുടർന്നാണ് ശ്രീമതി.ലത.സി.വി. 28.06.2019-ൽ അപേക്ഷ സമർപ്പിച്ചതെന്നും, ലക്ഷ്മിക്കുട്ടി.സി.വി ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയുടെ തുടർച്ചയായി അപേക്ഷയിലെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് 24.03.2020 ലാണ് പൂർണ്ണമായ ചെക്ക് ലിസ്റ്റ് പ്രകാരമുള്ള അപേക്ഷ സമർപ്പിക്കാനായതെന്നും ആയതിനാൽ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കണമെന്നും ശ്രീമതി.ലത.സി.വി. മാപ്പപേക്ഷയിൽ അറിയിച്ചിട്ടുണ്ട്.

4) അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം 2 വർഷത്തിൽ കൂടുതൽ ആയതിനാൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനോട് അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"6678/ഉപ.സി.02/2004/ഉ.ഭ.പ.വ തീയതി 18/5/2004 നമ്പർ സർക്കുലർ പ്രകാരം 2 വർഷത്തിൽ കൂടുതൽ കാലതാമസം ഉള്ള അപേക്ഷകൾ ഒരു കാരണവശാലും മന്ത്രിസഭയുടെ മുൻപാകെ കൊണ്ട് വരാൻ പാടില്ല എന്നും അപേക്ഷ സമർപ്പിക്കുന്നതിന് 2 വർഷത്തിൽ കുറവ് കാലതാമസമുള്ള കേസുകളിൽ നിയമം ഇളവു ചെയ്യേണ്ടതാണെങ്കിൽ ഇതിന്റെ എല്ലാ വശവും പരിശോധിച്ച് ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിയുടെ ഉത്തരവോടെ തീരുമാനമെടുക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തക്കതായ കാരണങ്ങളുണ്ടെങ്കിൽ രണ്ടു വർഷത്തിൽ കൂടുതൽ കാലതാമസമുള്ള കേസുകൾ മന്ത്രിസഭയുടെ മുമ്പാകെ കൊണ്ടു വരാവുന്നതാണെന്ന് വ്യക്തമാക്കിക്കൊണ്ട്, ഉ.പ.സി. 02/88/2022/ഉ.ഭ.പ.വ

തീയതി 07.04.2022 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പിന് ഉചിത നടപടി സ്വീകരിക്കാവുന്നതാണ്."

5) ശ്രീമതി.ലത.സി.വി. ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചതിൽ 9 വർഷം 7 മാസം 27 ദിവസം കാലതാമസം വന്നതിനാൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് കാലതാമസം മാപ്പാക്കുന്നതിന് 07.04.2022-ലെ ഉ.പ.സി.02/88/2022/ഉ.ഭ.പ.വ നമ്പർ സർക്കുലർ പ്രകാരം മന്ത്രിസഭയുടെ അനുമതി ആവശ്യമായതിനാൽ വിഷയം മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിക്കാവുന്നതാണോ എന്ന ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ജി.എൽ. പി സ്കൂളിലെ പി.ടി.സി.എം ആയിരിക്കെ അന്തരിച്ച മീനാക്ഷി.സി.വി യുടെ മകൾ ശ്രീമതി.ലത.സി.വി.യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ പി.ടി.സി.എം തസ്തികയിൽ ജോലി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം ( 9 വർഷം 7 മാസം 27 ദിവസം) പ്രത്യേക കേസായി പരിഗണിച്ച് മാപ്പാക്കാവുന്നതാണോ ?